## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 1532

13-07-2011-ൽ മറുപടിക്ക്

### മതിയായ സുരക്ഷാ സംവിധാനങ്ങളില്ലാതെ ജോലി ചെയ്യുന്ന വൈദ്യുതി ജീവനക്കാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി വകുപ്പിലെ കരാർ ജീവനക്കാർ, ലൈൻമാൻമാർ എന്നിവർ മതിയായ സുരക്ഷാ സംവിധാനങ്ങളില്ലാതെയാണ് ജോലി ചെയ്യുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) ഉണ്ട്. |
| (ബി) ഇതു പലപ്പോഴും ഇത്തരം തൊഴിലാളികളുടെ ദാരുണ മരണത്തിനു പോലും ഇടയാക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; | |
| (സി) സേഫ്റ്റിബെൽട്ട്, ഗ്ലൗസ് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ പോലും പ്രസ്തുത ജീവനക്കാർക്ക് ലഭ്യമല്ലെന്ന കാര്യം പരിശോധിക്കുമോ ; | (സി) ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ സേഫ്റ്റി ബെൽറ്റ്, ഗ്ലൗസ് തുടങ്ങിയ എല്ലാ സുരക്ഷാ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) ഇവർക്ക് ഇൻഷ്വറൻസ് അടക്കമുള്ള പരിരക്ഷകൾ നൽകുന്ന കാര്യം പരിഗണിക്കുമോ ; | (ഡി) വൈദ്യുതി വകുപ്പിലെ സ്ഥിരം ജീവനക്കാർ അപകടത്തിൽപെട്ട് മരണമടയുന്ന സാഹചര്യത്തിൽ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ക്ലെയിം തുകയായി 8 ലക്ഷം രൂപ ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ലഭിക്കുവാൻ അർഹതയുണ്ട്. ബോർഡിന്റെ വിവിധ ഓഫീസുകളുടെ കീഴിൽ പണിയെടുക്കുന്ന കരാർ തൊഴിലാളികൾക്ക് സംഭവിക്കുന്ന അപകടങ്ങൾക്ക് |

ഇൻഷ്വറൻസ് പരിരക്ഷ നല്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. അപകടം സംഭവിക്കുന്ന ജീവനക്കാർക്കും ചെറുകിട കരാർ തൊഴിലാളികൾക്കും 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് മരണത്തിനുള്ള നഷ്ടപരിഹാരം (3,97,840/-രൂപ മുതൽ 9,14,160/- രൂപ വരെ) അംഗവൈകല്യം ഉണ്ടാവുകയാണെങ്കിൽ ആയതിന് ആനുപാതികമായ അവശതാ നഷ്ടപരിഹാരം, അർദ്ധ മാസികാവേതനം എന്നീ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

(ഇ) കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച കേസ് ഇപ്പോൾ സുപ്രീംകോടതിയിൽ നിലവിലുണ്ടോ ; എങ്കിൽ കേസ് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

(ഇ) കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ ബോർഡ് ഫയൽ ചെയ്ത SLP No.23872/2008 എന്ന കേസിൽ ബോർഡിന്റെ അപ്പീൽ തള്ളിക്കൊണ്ട് സുപ്രീംകോടതി 12.03.2010-ൽ വിധി പ്രസ്താവിക്കുകയുണ്ടായി. ഈ വിധിയുടെ വെളിച്ചത്തിൽ പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ ID No.27/2002-ലെ അവാർഡ് പ്രകാരം കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ടി യോഗ്യരായ കരാർ തൊഴിലാളികളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടുവരികയാണ്.

സെക്ഷൻ ഓഫീസർ